ഉത്തരം

(എ) സംസ്ഥാനത്തെ സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ജീവനോപാധി പുനഃസ്ഥാപന പദ്ധതികൾക്കായി ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടുകൂടി സുനാമി അടിയന്തിര സഹായ പദ്ധതികൾക്കായി 45.25 കോടി രൂപയും, കേന്ദ്ര ധനസഹായത്തോടെ സുനാമി പുനരധിവാസ പദ്ധതികൾക്കായി 23.29 കോടി രൂപയും, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ പദ്ധതികൾക്കായി 21.2186 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി 100 കോടി 4 ലക്ഷം രൂപയുടെ പദ്ധതികളും ഏറ്റെടുക്കുകയുണ്ടായി. മൊത്തം 1441 കോടി രൂപയുടെ പദ്ധതികളാണ് വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കിവരുന്നത്.

(ബി) സുനാമി അടിയന്തിര സഹായ പദ്ധതിയിൽ 45.25 കോടി രൂപയുടേയും, സുനാമി പുനരധിവാസ പദ്ധതിയിൽ 12.78 കോടി രൂപയുടേയും, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 10.41 കോടി രൂപയുടേയും പദ്ധതികൾ പൂർത്തീകരിച്ചു.

(സി) അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(ഡി) സുനാമി പദ്ധതിയിൽപ്പെടുത്തി കണ്ണൂർ ജില്ലയിൽ അനുവദിക്കപ്പെട്ട പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(ഇ) വനിതാ മത്സ്യ വിപണന തൊഴിലാളികൾക്കുള്ള ധനസഹായം, കടൽ സുരക്ഷാ കിറ്റുകളുടെ വിതരണം എന്നീ പദ്ധതികൾ ഒഴികെ ബാക്കി എല്ലാ പദ്ധതികളും പൂർത്തീകരിച്ചു കഴിഞ്ഞു.

'മിക്ത്ര' നടത്തിയ ഗവേഷണ പ്രവർത്തനങ്ങൾ

182 (6100) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് മിക്ത്ര (എം.സി.ഐ.ടി.ആർ.എ)വഴി എന്തെല്ലാം സേവനങ്ങളാണ് നൽകിവരുന്നത് ;

(ബി) കഴിഞ്ഞ 5 വർഷങ്ങളായിമിക്ത്രനടത്തിയ പ്രധാന ഗവേഷണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(സി) അതുമൂലം മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി എന്തെല്ലാം ; വിശദാംശം നൽകാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മിക്ത്രവഴിയുള്ള സേവനങ്ങളൊന്നും ഫിഷറീസ് വകുപ്പുവഴി മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മോറട്ടോറിയം

183 (6101) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളാത്ത സാഹചര്യത്തിൽ അവരുടെ കടങ്ങൾക്ക് ആറ് മാസത്തേക്ക് കൂടി 'മോറട്ടോറിയം' പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇതുവരെ എഴുതിത്തള്ളിയ കടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) തീയതി 31-12-10 വരെ നീട്ടുന്ന കാര്യം പരിഗണനയിലാണ്.

(ബി) മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയ ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം 9891 ഗുണഭോക്താക്കളുടെ 11,82,60,000 (പതിനൊന്ന് കോടി എൺപത്തി രണ്ട് ലക്ഷത്തി അറുപതി നായിരം രൂപ) രൂപയുടെ ഋണബാദ്ധ്യതയും എൻ.സി.ഡി.സി വായ്പ ഇനത്തി ലുള്ള 48355 മത്സ്യത്തൊഴിലാളികളുടെ 115,03,49,024 (നൂറ്റി പതിനഞ്ച് കോടി മൂന്ന് ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി ഇരുപത്തിനാല് രൂപ) രൂപ യുടെ ഋണബാദ്ധ്യതയും കമ്മീഷന്റെ ശുപാർശയെത്തുടർന്ന് പൂർണ്ണമായും ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം

184 (6102) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യമായി ഏതൊക്കെ പഠനത്തിന് എത്ര രൂപ വീതമാണ് നൽകുന്നത് ;

(ബി) ഇത് ലഭിക്കുന്നതിനുള്ള വരുമാന പരിധി എത്ര രൂപയാണ് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കുട്ടികൾക്ക് ഈ ഇനത്തിൽ എത്ര രൂപ ചെലവിട്ടു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly